# ശിവദാസൻ നായർ കമ്മറ്റിയിലേക്ക്
# കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട് തയ്യാറാക്കിയത്

## നിലവിലുള്ള സഹകരണ നിയമത്തിൽ കടന്നുകൂടിയിട്ടുള്ള താഴെ പറയുന്ന പോരായ്മകൾ പരിഹരിക്കപ്പെടേണ്ടതാണെന്ന് KCEF നിർദ്ദേശിക്കുന്നു

**വകുപ്പ് 2 (aa)** അസ്സിസ്റ്റഡ് സംഘം എന്ന വ്യവസ്ഥ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. പൂർണ്ണമായോ വലിയ തോതിലോ ഗവൺമെന്റിന് ഓഹരിയോ ധനസഹായമോ നൽകിയവരെയാണ് ഈ വിഭാഗത്തിൽ പ്പെടുത്തേണ്ടത്. ആയതിന് പ്രത്യേക വ്യവസ്ഥ ആവശ്യമില്ല സംഘത്തിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മതിയാകുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ ലഭിച്ച സംഘങ്ങളെ എല്ലാം ഈ വിഭാഗത്തിൽ പെടുത്തിയാൽ RTI നിയമത്തിൽ സംഘങ്ങൾക്ക് വലിയ ഭീഷണിയാകും.

**വകുപ്പ് 2 (la)** മിസലേനിയസ് സംഘങ്ങളിൽ നാമമാത്ര അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാൻ അനുമതി നൽകണം.

**വകുപ്പ് 2 (oa)** ലിമിറ്റേഷൻ പിരീഡും, Schedule III യും പൂർണ്ണമായും ഒഴിവാക്കുക.

**വകുപ്പ് 2 (oaa)(PACS)** പ്രാഥമിക കാർഷീക വായ്പാ സംഘങ്ങളിൽ മുഖ്യ ലക്ഷ്യം കൈവരിക്കാതിരുന്നാൽ ഈ നിയമപ്രകാരമുള്ള സ്വഭാവ സവിശേഷതകൾ നഷ്ടപ്പെടും എന്ന വ്യവസ്ഥ ഒഴിവാക്കണം. ഈ വ്യവസ്ഥ ആദായ നികുതി നിയമത്തിൽ സംഘങ്ങൾക്ക് ഭീഷണിയാകും.

**വകുപ്പ് 16 (A)** ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം സംഘത്തിന്റെ ബൈലോ അനുസരിച്ച് നൽകുന്ന സേവനം രണ്ട് വർഷത്തിനുള്ളിൽ സ്വീകരിക്കുകയും 3 പൊതുയോഗത്തിൽ ഹാജരാക്കാതിരിക്കുകയോ, ഹാജരാക്കുന്നതിൽ നിന്നും ഒഴിവാക്കാതിരിക്കുകയോ ചെയ്തില്ലെങ്കിൽ അംഗത്വം നഷ്ടപ്പെടും എന്നത് അംഗങ്ങളുടെ പങ്കാളിത്വം ഉറപ്പാക്കാൻ അപര്യാപ്തമാണ്. ഇത് ഒത്തിരി തർക്കങ്ങൾ ഉണ്ടാക്കാനേ ഉപകരിക്കൂ. ആയതിനാൽ വകുപ്പ് 16**a**,19**a** പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

**വകുപ്പ് 56 (cc)** പ്രൊഫഷ്ണൽ വിദ്ധ്യാഭ്യാസ ഫണ്ട് 5 ശതമാനം എന്നത് നില നിർത്തി പരമാവധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തേണ്ടതാണ്.

**വകുപ്പ് 56(d)** ലാഭത്തിന്റെ 10 ശതമാനത്തിൽ താഴെ അധികരിക്കാതെ 1980 ചാരിറ്റബിൾ എന്റോമെന്റ് ആക്ട് പ്രകാരം സംഭാവന നൽകാം എന്നത് മാറ്റം വരുത്തേണ്ടതാണ്. സഹകരണ സംഘങ്ങൾ നിലവിൽ വളരെ അധികം സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ചിലവാകുന്ന തുകകൾ മേൽ വ്യവസ്ഥ ചൂണ്ടിക്കാട്ടി ആഡിറ്റിൽ തടഞ്ഞുവക്കുകയാണ്. ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. ലാഭത്തിന്റെ 10 ശതമാനം എന്ന പരിധി 15 ശതമാനമായി ഉയർത്തിയും സംഘം ഭരണ സമിതി തീരുമാന പ്രകാരം സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് ഭേദഗതി വരുത്തേണ്ടതാണ്.

**വകുപ്പ് 63** ഭരണഘടന ഭേദഗതിക്കനുസരിച്ച് ആഡിറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും, പൊതുയോഗത്തിന് ആഡിറ്ററെ തിരഞ്ഞെടുക്കുന്ന രീതിയിൽ പാനൽ പ്രഖ്യാപിക്കേണ്ടതാണ്. ആഡിറ്റ് മാനുവൽ കാലോചിതമായി ഉടൻ പരിഹരിക്കേണ്ടതും ന്യൂനത കണ്ടെത്തൽ മാത്രമല്ല ആഡിറ്റ് എന്നു വരത്തക്കവണ്ണം ന്യൂനത പേജ് മാറ്റി പകരം നിർദ്ദേശങ്ങളായി മാറ്റുക വഴി ആഡിറ്റർ മാരുടെ കടമയെ കുറിച്ച് അവബോധം നൽകാനാവും.

**വകുപ്പ് 80(6)** ഈ ഉപവകുപ്പ് പൂർണ്ണമായും ഒഴിവാക്കണം. ഏത് ലക്ഷ്യത്തിനാണ് ഈ വകുപ്പ് എഴുതി ചേർത്തതെന്ന് നാളിതുവരെ ഒരു വിശദ്ധീകരണവും ലഭിച്ചിട്ടില്ല. ഗവൺമെന്റ് നിശ്ചയിക്കുന്ന നിരക്കിൽ മാത്രമാണ് സഹകരണ ജീവനക്കാർക്ക് ശമ്പളം നൽകി വരുന്നത് മറ്റൊരു നിയന്ത്രണം എന്തിനെന്ന് മനസിലാകുന്നില്ല. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിലെ ജീവനക്കാർക്കും ശമ്പളം നൽകേണ്ടതാണ്, പ്രത്യേക നിയന്ത്രണം ഒഴിവാക്കണം.

## സഹകരണ ചട്ടങ്ങളിൽ ഭേദഗതി നിർദ്ദേശങ്ങൾ

**ചട്ടം 18 എ.** ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുള്ള ആക്ടീവ് മെമ്പർഷിപ് വ്യവസ്ഥകൾ സഹകരണ മേഖലയിൽ പ്രായോഗികമല്ലാത്തതിനാലും, സാമ്പത്തീകമായി താഴ്ന്നവരെ ഇടപാടുകൾ നടത്തിയില്ലെന്ന കാരണത്താൽ വോട്ടവകാശതതിൽനിന്ന് ഒഴിവാക്കേണ്ട അവസ്ഥവരുന്നതിനാലും സഹകരണ തത്വങ്ങളിലെ ജനാധിപത്യം എന്ന തത്വത്തിന്റ അന്തഃസത്തക്ക് വിരുദ്ധമായതിനാലും പൂർണ്ണമായും പിൻവലിക്കേണ്ടതാണ്. വോട്ടുചെയ്യാൻ അർഹരായ അംഗത്തെകണ്ടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രായോഗികമല്ല. **18 എ(ബി)** വ്യവസ്ഥപ്രകാരം സംഘത്തിന്റെ ബൈലോയിൽ പറയുന്ന ഏതെങ്കിലും സേവനം ഉപയോഗിച്ചയാളെ കണ്ടെത്തുക എന്നത് പ്രായോഗികമല്ല.(സംഘങ്ങൾ നടത്തുന്ന വിവിധ തരം പ്രവർത്തനങ്ങളായ ബാങ്കിങ്ങ് വ്യാപാരം, നന്മ സ്റ്റോർ, ഓണ ചന്ത, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, വളം വിൽപ്പന സ്റ്റോറുകൾ മറ്റു വിപണന കേന്ദ്രങ്ങൾ എന്നിവയിൽ ഏതെങ്കിലും കേന്ദ്രത്തിൽനിന്ന് സേവനം സ്വീകരിച്ചാലും വോട്ട് ചെയ്യാൻ അർഹതയുണ്ട് പക്ഷേ ഇവരെ കണ്ടെത്തുന്നത് പ്രായോഗികമല്ല)

**ചട്ടം 58 1. (a) (i)** ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് സ്വരൂപിക്കുമ്പോൾ അടിസ്ഥാന ശമ്പളത്തിന്റെ 8.33 ശതമാനം എന്നത് അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ഉൾപ്പെട്ടതിന്റെ 10 ശതമാനം എന്നതാക്കി ഭേദഗതി ചെയ്യേണ്ടതാണ്.

**ചട്ടം 58 1. (a)(ii)** ജീവനക്കാരുടെ വിഹിതവും അടിസ്ഥാനശമ്പളത്തിന്റെയും ക്ഷാമബത്തയും ഉൾപ്പെടുന്നതിന്റെ 10 ശതമാനം എന്നാക്കി ഭേദഗതി ചെയ്യണം.

**ചട്ടം 67(10)** ഭേദഗതിയുടെ ഭാഗമായി വർദ്ധിപ്പിച്ച എ.ആർ.സി. ഫീസ് ഉൾപ്പെടെയുള്ള നിരവധി ഫീസുകൾ സംഘങ്ങൾക്കും അതിലെ അംഗങ്ങൾക്കും ഭീമമായ സാമ്പത്തീക നഷ്ടം വരുത്തുന്നതിനാൽ ആയത് 50 ശതമാനത്തിൽ അധികമാകാത്ത വിധത്തിൽ പുനഃക്രമീകരിക്കേണ്ടതാണ്. എ.ആർ.സി. ഫീസ് അംഗങ്ങളിൽ നിന്ന് നേരിട്ട് ഈടാക്കുന്നതാകയാൽ സഹകരണ സംഘങ്ങളുമായി ഇടപാട് നടത്തുന്ന സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യത്തിൽ 1500 രൂപ 5000 രൂപയാക്കി വർദ്ധിപ്പിച്ചത് കുറക്കുന്നതിന് ആവശ്യമായ നടപടി അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

**ചട്ടം 182** സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ മാനദണ്ടങ്ങളുടെ പരിഷ്കരണം മൂലം ജീവനക്കാരുടെ വാങ്ങിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംഘങ്ങളുടെ പ്രവർത്തന നഷ്ടത്തിനു കാരണം ഗവൺമെന്റിന്റെ വിവിധ കടാശ്വാസ പദ്ധതികളാണ്. ആയതിനാൽ നഷ്ടത്തിന്റെ പേരിൽ സംഘങ്ങളെ തരം താഴ്ത്താതെ ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയും സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ മറ്റു നടപടികളും എടുക്കുന്നതിന് ആവശ്യപ്പെടുന്നു. ക്ഷീര സംഘങ്ങളുടെ ക്ലാസിഫിക്കേഷനും, ശമ്പള പരിഷ്കരണവും ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

**ചട്ടം 185** സഹകരണ സംഘം ജീവനക്കാർക്ക് പരിശീലന പരിപാടിയിൽ പങ്കടുക്കാത്തതുമൂലം വാർഷിക ഇൻക്രിമെന്റ് തടയുന്നതിനും, **185(5)** അസി.സെക്രട്ടറി തതുല്യ തസ്തികകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള യോഗ്യതപരീക്ഷയും ചട്ടഭേദഗതിയിലൂടെ പിൻവലിക്കണമെന്നും, വികലമായി സംഘടിപ്പിക്കുന്ന യോഗ്യത പരീക്ഷ ഒഴിവാക്കണമെന്നും ആവശ്യപ്പെടുന്നു.

**ചട്ടം 185 (8) (g)** പൂർണ്ണമായും ഒഴിവാക്കി, നൽകികൊണ്ടിരിക്കുന്ന വിദ്ധ്യാഭ്യാസ ഇളവുകളും തുടരേണ്ടതാണ്.

**ചട്ടം 185 (10)** ഭേദഗതിയിലൂടെ പ്രൊമോഷന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് സബ് സ്റ്റാഫ് വിഭാഗത്തിൽ നിന്നും നൽകുന്ന പ്രമോഷന് ഏർപ്പെടുത്തിയിട്ടുള്ള 1:4 എന്ന നിയന്ത്രണം ഭേദഗതിയിലൂടെ പിൻവലിക്കേണ്ടതാണ്.

സഹകരണ സംഘം ജീവനക്കാർക്ക് സബ് സ്റ്റാഫ് വിഭാഗത്തിൽ നാലും മറ്റു വിഭാഗത്തിൽ എട്രി കേഡർ കണക്കാക്കി രണ്ടും ഗ്രേഡുകൾ ലഭിക്കുന്നതിനാണ് അർഹതയുള്ളത്. ഗവൺമെന്റ് ജീവനക്കാർക്ക് എല്ലാ തസ്തികയിലും 8,16 വർഷം പൂർത്തിയാക്കുന്ന മുറക്ക് ഗ്രേഡിന് അർഹതയുണ്ട്. സംഘങ്ങളിലെ പ്രൊമോഷൻ വഴിവന്ന സെക്രട്ടറിക്ക് ഗ്രേഡിന് അർഹത ഇല്ലാത്തതും നേരിട്ട് നിയമിച്ച സെക്രട്ടറിക്ക് രണ്ട് ഗ്രേഡിനും,അതനുസരിച്ചുള്ള ഉയർന്ന ശമ്പള സ്കെയിലിനും അർഹതയുണ്ട്. ആയതിനാൽ സഹകരണ സംഘം ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് അർഹമായ രീതിയിൽ എല്ലാ തസ്തികയിലും ഗ്രേഡ് അനുവദിക്കുന്നതിന് നടപടി എടുക്കുക.

**ചട്ടം 186 (5)(v)** അറ്റന്റർ പ്യൂൺ തസ്തികയിലേക്ക് നിയമിക്കുന്നവർക്ക് ബിരുദം പാടില്ലെന്ന വ്യവസ്ഥയും (vi) പാർട്ട് ടൈംസ്വീപ്പർമാർക്ക് എസ്.എസ്.എൽ.സി. പാടില്ലെന്ന വ്യവസ്ഥയും ഒഴിവാക്കണം. അധികയോഗ്യത അയോഗ്യതയായി കാണുന്നത് ശരിയല്ല. ചട്ടത്തിലെ ബിരുദം സംബന്ധിച്ച നോട്ടിൽ 10+2+3 മോഡിൽ പാസായതായിരിക്കണം എന്നത് ഒഴിവാക്കണം. നിലവിൽ പല ജീവനക്കാർക്കും പ്രൊമോ

ഷൻ ലഭിച്ചിട്ടുള്ളത് ഈ രീതിയിലല്ല. മാത്രവുമല്ല യു.ജി.സി.അംഗീകാരമുള്ള എല്ലാ യൂണിവേഴ്സിറ്റികളിലെ ബിരുദവും പ്രൊമോഷന് യോഗ്യതയായി പരിഗണിക്കേണ്ടതാണ്.

**ചട്ടം 189 (1)** ലെ ഭേദഗതി പ്രകാരം ശമ്പള ചിലവുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധി നിശ്ചയിക്കാനുള്ള അധികാരം ഗവൺമെന്റിനാണ് എന്ന വ്യവസ്ഥ പ്രായോഗികമല്ല. നഷ്ടത്തിലോടുന്ന സഹകരണ സംഘം ജീവനക്കാരെ സെക്ഷൻ 80 ലൂടെ ആനുകൂല്യം നൽകാതെ പ്രത്യേക ശമ്പള സ്കെയിൽ ഏർപ്പെടുത്തണമെന്നും പുതിയ ഭേദഗതി പൂർണ്ണമായും പിൻവലിക്കണം.

സഹകരണ ജീവനകാരുടെ ക്ഷാമബത്ത നിരക്ക് സർക്കാർ ജീവനക്കാരുടേതിൽ നിന്നും വ്യത്യസ്തമാണ്. ശമ്പള പരിഷ്കരണങ്ങളിൽ നിന്ന് മെർജ് ചെയ്യുന്ന ക്ഷാമബത്ത നിരക്കുകളിലെ മാറ്റമാണ് ഇതിനു കാരണം. ആയതിനാൽ ഗവ.ജീവനക്കാരുടെ നിരക്കിൽ ക്ഷാമബത്തകൾ അടിസ്ഥാന ശമ്പളത്തിൽ മെർജ് ചെയ്യേണ്ടതാണ്. ക്ഷാമബത്ത വ്യത്യാസം മൂലം യാത്രാബത്ത ആനുകൂല്യങ്ങളിലെ ഗ്രേഡുകൾ കണക്കാക്കുമ്പോൾ സഹകരണ ജീവനക്കാർക്ക് നഷ്ടം സംഭവിക്കുന്നത് പരിഹരിക്കേണ്ടതാണ്.

ദിവസ പിരിവുകാർക്കും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഗോൾഡ് അപ്രൈസർമാർക്കും കൂടുതൽ ശമ്പളം ഉറപ്പാക്കുന്ന ഉത്തരവ് ഇറങ്ങിയിട്ടുള്ളതാണ്. ആയതുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരിക്കുന്ന 10 വർഷം സേവനകാലം 5 വർഷമായി കുറക്കേണ്ടതാണ്.

സഹകരണ സംഘങ്ങളിൽ ഗവൺമെന്റ് ഷെയർ പാർട്ടിസിപ്പേഷൻ പ്രകാരം വിവിധ പദ്ധതികൾക്കായി നൽകുന്ന ഓഹരി വിഹിതത്തിന് 25 ശതമാനം ഡിവിഡന്റ് എന്നത് 5 ശതമാനമായി പരിമിതപ്പെടുത്തേണ്ടതാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളും ഇതുമൂലം (വായ്പയേക്കാൾ ഉയർന്ന നിരക്കായതിനാൽ) പദ്ധതികൾ ഏറ്റെടുക്കുന്നതിന് തയ്യാറാകുന്നില്ല.

## മാർക്കറ്റിംഗ് സംഘങ്ങൾ

സഹകരണ മേഖലയിലെ മാർക്കറ്റിംഗ് സംഘങ്ങൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഇത്തരം സംഘങ്ങൾ ഇന്ന് അടച്ചുപൂട്ടലിന്റെ വക്കിലാണ്. പല സംഘങ്ങളിലും ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതിന് വരെ പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. മാർക്കറ്റിംഗ് സംഘങ്ങളെ പുനർജീവിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ എടുക്കേണ്ടതാണ്.

## ക്ഷീര സംഘങ്ങളിലെ ജീവനക്കാരുടെ ആവശ്യങ്ങൾ

1.ശമ്പള പരിഷ്കരണം: 2009 ൽ ശമ്പള പരിഷ്കരണം പുതുക്കി നിശ്ചയിച്ചതിനുശേഷം 2014 ൽ പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

2.ക്ഷീര മേഖലയിലെ സഹകരണ ജീവനക്കാരുടെ സേവനം അത്യാവശ്യമാണ്. എന്നാൽ വേതനം തുച്ഛം. മിക്ക ജീവനക്കാരും ദാരിദ്ര രേഖക്ക് താഴെയാണ് ക്ഷീരസംഘം ജീവനക്കാർ. ഈ പ്രശ്നത്തിൽ മനുഷ്യവകാശ കമ്മീഷൻ അടുത്തിടെ ഇടപെടുകയുണ്ടായി. ആയതിനാൽ ക്ഷീരമേഖലയിലെ സഹകരണ ജീവനക്കാരുടെ വേതനം, ജീവിത നിലവാര സൂചികക്കനുസൃതമായി വർദ്ധിപ്പിക്കുന്നതിനും കൂടാതെ ഇവരെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും സത്വര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

3. മിൽമ 2012 ലും 2014 ലും പാൽ വില വർദ്ധിപ്പിച്ചപ്പോൾ ജീവനക്കാർക്ക് ഒരു പൈസ പോലും വകയിരുത്തിയില്ല. ക്ഷീരമേഖലയിലെ  സഹകരണ ജീവനക്കാരോടുള്ള മോശമായ നയം തിരുത്തി മാന്യമായ സമീപനം സ്വീകരിക്കുന്നതിനും പാൽ വില വർദ്ധിപ്പിക്കുമ്പോൾ ജീവനക്കാർക്ക് തുക വകയിരുത്തുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിനും സത്വര നടപടി സ്വീകരിക്കണമെന്നും  അപേക്ഷിക്കുന്നു.

4.കാലാ കാലങ്ങളിൽ ക്ഷീര വികസന വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സർക്കുലറുകൾ, ഓഡറുകൾ ഇവ ഒന്നും തന്നെ യഥാസമയങ്ങളിൽ സംഘങ്ങളിൽ ലഭിക്കാത്തതിനാൽ സംഘങ്ങളിൽ നിന്നും ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ആയതിനാൽ ക്ഷീര മേഖലയിലെ ജീവനക്കാരുമായി ബന്ധപ്പെട്ട അറിയിപ്പുകൾ യഥാസമയം സംഘങ്ങളിൽ ലഭിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പ് അധികാരികൾക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു.